(ബി) ആദിവാസി കുടുംബങ്ങൾക്ക് എത്ര ഭൂമി നൽകാനാണ് സർക്കാർ തീരുമാനിച്ചിരുന്നതെന്ന് വെളിപ്പെടുത്താമോ ;

(സി) ഇതുവരെ എത്ര ഭൂമി വിതരണം ചെയ്തുവെന്നും ഇനി എത്ര നൽകുവാനുണ്ട് എന്നും അറിയിക്കാമോ ;

(ഡി) നൽകുവാനുള്ള ഭൂമി എന്നത്തേയ്ക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഭൂമിയില്ലാത്ത ആദിവാസി കുടുംബത്തിന് ഭൂമിയുടെ ലഭ്യത അനുസരിച്ച് ഒരേക്കർ മുതൽ 5 ഏക്കർവരെ ഭൂമി നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) 1429 കുടുംബങ്ങൾക്കായി 913.19 ഹെക്ടർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന കുടുംബങ്ങൾക്കും വിതരണം ചെയ്യുന്നതിനാവശ്യമായ ഭൂമി കണ്ടെത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് പരമാവധി വേഗത്തിൽ ഭൂമി വിതരണം പൂർത്തിയാക്കുവാൻ ശ്രമിക്കുന്നുണ്ട്.

കാസർഗോഡ് ജില്ലയിലെ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി വിതരണം

149 (1041) ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കാസർകോഡ് ജില്ലയിലെ എത്ര ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ജില്ലയിൽ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(സി) എങ്കിൽ ഈ പ്രവർത്തനം എന്നുതുടങ്ങും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഭൂമി വിതരണം ചെയ്തിട്ടില്ല.

(ബി&സി) നടപടി സ്വീകരിച്ചു വരുന്നുണ്ട്.

ആദിവാസി കോളനികൾക്ക് അംഗീകാരം ലഭിക്കാൻ നടപടി

150 (1042) പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി അസംബ്ലി നിയോജക മണ്ഡലത്തിലെ അടിച്ചിൽക്കൊടി, അരൈക്കാവ്, വെട്ടിച്ചുടുക്കാട് എന്നീ സ്ഥലങ്ങളെ ആദിവാസി കോളനികളായി

LIBRARY ARCHIVES Kerala Legislative Assembly